കേരള സർക്കാർ

# ചെങ്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം,

## തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1877/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

തീയതി : 19.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചെങ്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്കൽ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1877/2017 തീയതി: 19.09.2017

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചയത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-10-2016മുതൽ 07-07-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയപണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.ജമാലുദീൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-07-2017മുതൽ 20-07-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീമതി.സിന്ധു.പി.എസ്, ഓഡിറ്റ് ഓഫീസർ |
| | 2. ശ്രീമതി.ആശ.ജി.ആർ, സീ.ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | 3. ശ്രീ. ശിവനാഥൻ.എ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | വട്ടവിള രാജ് കുമാർ | 01-04-2016മുതൽ 31-03-2017വരെ |
| സെക്രട്ടറി | 1. എസ്.എസ്.ബിജി (ചാർജ്) | 01-04-2016മുതൽ 06-06-2016വരെ |
| | 2. ജീവൻ | 07-06-2016മുതൽ 12-07-2016വരെ |
| | 3. ലീന.കെ.ജി | 13-07-2016മുതൽ 19-07-2016വരെ |
| | 4. തുളസീധരൻ നായർ | 20-07-2016മുതൽ 31-03-2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ജോസഫ് | 01-04-2016മുതൽ24-11-16വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | 1.ബാലു<br>2.പ്രീത | 01.04.2016 മുതൽ 23.11.16 വരെ<br>24-11-2016മുതൽ 31-03-17വരെ |
| വില്ലേജ് എക്സ്റ്റൻഷൻ | 1.സ്മിതാരാജ് | 01-04-2016മുതൽ 19-11-16 വരെ |

| | | |
|---|---|---|
| ഓഫീസർ (ബി-സർക്കിൾ) | 2.ബാല്യ | 19-11-16മുതൽ 31-03-2017വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ദീപാ.എസ്.നായർ | 01-04-2016മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. ലിജ | 01-04-2016മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.വിനോദ് കുമാർ | 01-04-2016മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1. ഡോ. ഷേർലി | 01-04-2016മുതൽ 11-01-17വരെ |
| | 2. ഡോ. എം.എ.ഷൈല | 12-01-2017മുതൽ 31-03-17വരെ |
| ഹെഡ്മാസ്റ്റർ | വിജയകുമാരി | 01-04-2016മുതൽ 31-03-17വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ലിജ്ജ.എൽ.എസ് | 01-04-2016മുതൽ 31-03-17വരെ |
| വെറ്ററിനറി സർജൻ | കെ.ആർ.ജിനു | 01-04-2016മുതൽ 31-03-17വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | D&O ലൈസൻസ് -അപാകതകൾ | 2-1 | |
| 13 | ട്രേഡ്സ് രജിസ്റ്റർ പൂർണമല്ല | 2-2 | |
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് - നഷ്ടം 2378/-രൂപ | 2-3 | |
| 15 | കെട്ടിട നിർമ്മാണം - ക്രമവൽക്കരണത്തിലെ അപാകതകൾ | 2-4 | |
| 16 | തൊഴിൽനികുതി അപാകതകൾ | 2-5 | |
| 17 | പരസ്യനികുതി ഈടാക്കുന്നില്ല | 2-6 | |
| 18 | ട്യൂട്ടോറിയൽ കോളേജുകൾക്ക് നിന്ന് രജിസ്ട്രേഷൻ നൽകി ഫീസ് ഈടാക്കുന്നില്ല | 2-7 | |
| | ഭാഗം - 3 | | |

| | | | |
|---|---|---|---|
| 17 | ഗുണഭോക്തൃസമിതി മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-1 | |
| 18 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ കൃത്യതയോടെ പരിപാലിച്ചിട്ടില്ല | 3-2 | |
| 19 | പൊതുമരാമത്ത് പ്രവൃത്തികൾ - അംഗീകാരം ലഭിച്ച 156 പദ്ധതികളിൽ 88പദ്ധതികൾ നടപ്പിലാക്കിയില്ല | 3-3 | |
| 20 | M.Book - ൽ രേഖപ്പെടുത്തിയ അളവുകൾ സ്ഥലപരിശോധ<br><br>നയിൽ കണ്ടെത്താനായില്ല – 4703/-രൂപ നിരാകരിക്കുന്നു | 3-4 | |
| 21 | ഗുണനിലവാരമില്ലാത്ത റൈൽ ഉപയാഗിച്ച് പ്രവൃത്തി ചെയ്തു - 602/-രൂപ നിരാകരിക്കുന്നു | 3-5 | |
| 22 | (എ)അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനില വാരം ഉറപ്പ് വരുത്തുന്നില്ല | 3-6 | |
| 23 | നിർഭയ - ജാഗ്രതാ സമിതി പ്രവർത്തന അവലോകനം | 3-7 | |
| 24 | പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൌണ്ടിൽ സൂക്ഷിക്കുന്നില്ല | 3-8 | |
| 25 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല . | 3-9 | |
| 26 | തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം - പൂർണമായും നടപ്പിലാക്കിയിട്ടില്ല | 3-10 | |
| 27 | വസ്തു വാങ്ങൽ, ഭവനനിർമ്മാണം - ധനസഹായം നൽകിയില്ല | 3-11 | |
| 28 | അനിവാര്യമല്ലാത്ത ചെലവുകൾ ചെയ്ത് നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കുന്നു | 3-12 | |
| 29 | ഓർഡർ നൽകിയ മുഴുവൻ തുകക്കും മരുന്ന് ലഭ്യമായിട്ടില്ല | 3-13 | |

| | | | |
|---|---|---|---|
| 30 | പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ<br>പരിപാലിക്കുന്നില്ല. | 3-14 | |
| 31 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)നിർവഹിച്ച പദ്ധതികളിലെ<br>അപാകതകൾ | 3-15 | |
| 32 | നീന്തൽ പരിശീലനം നടത്തിയതായി രേഖയില്ല – 12200/- രൂപ തടസ്സപ്പെടുത്തുന്നു | 3-16 | |
| 33 | നവകേരള മിഷൻ പ്രവർത്തനങ്ങൾ - ലക്ഷ്യം കൈവരിക്കുന്നില്ല | 3-17 | |
| | ഭാഗം 4 | | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 04-03-2016തിയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 170158203/- രൂപയും

പ്രതീക്ഷിത ചെലവ് 163834228/- രൂപയും നീക്കിയിരിപ്പ് 6323975/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ്സ് ആന്റ് പേമെന്റ്സ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 69914910 /-രൂപയും ചെലവ് 60685136/-രൂപയും നീക്കിയിരിപ്പ് 9229774/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | 01/08/2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് - എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പ് ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7902892 |
| വരവ് | 62012018 |
| ആകെ | 69914910 |
| ചെലവ് | 60685136 |
| നീക്കിയിരിപ്പ് | 9229774 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് | _ | 14548475 | 14548475 | 14548475 | _ | |

| | | | | | | |
|---|---|---|---|---|---|---|
| (പൊതുവിഭാഗം) | | | | | | |
| വികസന ഫണ്ട് (എസ്.സി.പി) | _ | 5648774 | 5648774 | 5648774 | _ | |
| വികസന ഫണ്ട് (ടി.എസ്.പി) | _ | _ | _ | _ | _ | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | _ | 1956728 | 1956728 | 1956728 | _ | |
| സംര. ഗ്രാന്റ് (നോൺറോഡ്) | _ | 3546541 | 3546541 | 3546541 | _ | |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | _ | 6136715 | 6136715 | 6136715 | _ | |
| പെർഫോമൻസ് ഗ്രാന്റ് | _ | 4328689 | 4328689 | 4328689 | _ | |
| എം.എൻ.ആർ. ഇ. ജി.എസ്. | 33345 | 2246765 | 2280110 | 2138043 | 142067 | |
| ബി ഫണ്ട് | _ | 1546920 | 1546920 | 1546920 | _ | |
| ഐ.സി.ഡി.എസ് | _ | _ | _ | _ | _ | |
| സാക്ഷരത | 13306 | _ | 13306 | _ | 13306 | |
| ടോട്ടൽ സാനിട്ടേഷൻ | | _ | | | | |
| എസ്.ജി.ആർ.വൈ | | _ | | | | |
| തണൽ | | _ | | | | |
| തനത് ഫണ്ട് + മറ്റ് വരവുകൾ | 2501772 + 220551 | 10082039 | 12583811 | 9924601 | 2659210+ 103222 | |
| ജനറൽ പർപ്പസ് ഫണ്ട് | 5133918 | 11970372 | 17104290 | 12076036 | 5028254 | |
| ആകെ | - | 62012018 | 69914910 | 60685136 | 9229774 | |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും

വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 81484137 | 119 | 11940649235 | - | 99 | 55 |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 218പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 119പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ ഭാവിയിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതിലക്ഷ്യം കൈവരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 <u>തനത് വരുമാനം.</u>

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| തൊഴിൽ നികുതി | 1006740 | 1049550 | 42810 | |
| കെട്ടിട നികുതി | 1456433 | 2648982 | 1192549 | |
| വിനോദ നികുതി | - | - | - | |
| പരസ്യ നികുതി | - | - | - | |
| *നികുതിയേതര വരവുകൾ* | | | | |
| ലേലം | 641000 | 704600 | 63600 | |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 172500 | 242700 | 70200 | |
| ഡി & ഒ ലൈസൻസ് | 97250 | 103700 | 6450 | |
| മറ്റുവരവുകൾ | 464703 | 579556 | 114853 | |
| ആകെ | 3838626 | 5329088 | 1490462 | |

## 1-8 <u>ക്ഷേമപദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1546920 | 2358 |
| കർഷകതൊഴിലാളി പെൻഷൻ | 3537000 | 1179 |
| വിധവാപെൻഷൻ | 3081000 | 1027 |
| വാർദ്ധക്യകാലപെൻഷൻ | 5464500 | 1741 |
| വികലാംഗപെൻഷൻ | 1601700 | 530 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | - | - |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 174000 | 58 |
| ആകെ | 15405120 | 6893 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-07-2017 രാവിലെ 11 AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 175/- രൂപയുടെ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപനനികപതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതിയിടാക്കുമ്പോൾ ആകെ അർദ്ധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതിയീടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവ്വറുകളെ സംബന്ധിച്ച ശരിയായ വിവരം ശേഖരിച്ച് അവയിൽനിന്ന് ചതുരശ്രമീറ്ററിന് 400/- രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്.അതുപോലെ ട്യൂട്ടോറിയൽ കോളേജുകൾക്കും പി.എസ്.സി.കോച്ചിംഗ് സെന്ററുകൾക്കും രജിസ്ട്രേഷൻ നൽകി ഫീസ്

ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകളിൽ നിന്ന് ചട്ടപ്രകാരമുള്ള പരസ്യനികുതി കുടിശ്ശികയില്ലാതെ ഈടാക്കുവാനും ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും വാർഡ് തലത്തിൽ നിർണ്ണയിച്ച് കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.അംഗനവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്.
പദ്ധതിനിർവ്വഹണത്തിൽ കാർഷികമേഖലയ്ക്ക് പഞ്ചായത്ത് അമിത പ്രാധാന്യം നൽകിയിട്ടുണ്ട്. കൃഷിക്കായി 48,88,357/-രൂപ തൻവർഷം ചെലവഴിച്ചപ്പോൾ മറ്റൊരു അടിസ്ഥാനമേഖലയായ മൃഗസംരക്ഷണത്തിന് ഒരു പദ്ധതി പോലും ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുള്ള ശ്രമമുണ്ടായിട്ടില്ല. എല്ലാ മേഖലകളിലും തുല്യപ്രാധാന്യം നൽകി പദ്ധതികൾ വിഭാവനം ചെയ്യുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2017ഏപ്രിൽ | 2017ജനുവരി -മാർച്ച് | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-05-2016മുതൽ 31-05-2016വരെ | 2011-12മുതൽ 2015-16വരെ | 23-07-2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി.ആന്റ് ഒ. ലൈസൻസ് - അപാകതകൾ

ഡി.ആന്റ് ഒ.ലൈസൻസുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. ലൈസൻസിനായുള്ള അപേക്ഷകളിൽ പഞ്ചായത്ത് സെക്രട്ടറി തീരുമാനം രേഖപ്പെടുത്തി

ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ആരോഗ്യ വകുപ്പിൽ നിന്നുള്ള സാനിട്ടറി സർട്ടിഫിക്കറ്റ് (ആവശ്യമായവക്ക്) ജി.ഒ(ആർ.ടി)795/2007/ത.സ്വ.ഭ.വ, തിയതി. 16-03-2017 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം എന്നിവ ലൈസൻസിനായുള്ള അപേക്ഷകളോടൊപ്പം ഹാജരാക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിരിക്കുന്നു.
3. ഭക്ഷ്യവസ്തുക്കൽ ഉണ്ടാക്കുന്ന/വിൽപന നടത്തുന്ന/ സംഭരിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർ നിർബന്ധമായും ഹെൽത്ത് കാർഡ് ഹാജരാക്കണമെന്ന സർക്കാർ നിർദ്ദേശം /വ്യവ്സ്ഥ ലൈസൻസ് അനുവദിക്കുന്നതിൽ പാലിച്ചിട്ടില്ല.
4. രജിസ്റ്റർ പ്രകാരം പല സ്ഥാപനങ്ങളും വർഷങ്ങളായി ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്നു. ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന ചില സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | പേര് | ലൈസൻസ് നം. | ലൈസൻസ് കാലയളവ് 2016-17 വരെ |
|---|---|---|---|
| 1 | ബ്രൂട്ടസ്, തേൻ കച്ചവടം | 36/16-17 | 4 വർഷം |
| 2 | എസ്.ജഗദീശൻ, തുണിക്കട | 92/16-17 | 5 വർഷം |
| 3 | ചിന്നു ഫർണിച്ചർ മാർട്ട് | 163/16-17 | 5 വർഷം |
| 4 | ടി.വിൻസെന്റ്, ഓട്ടോമൊബൈത്സ് | 96/16-17 | 5 വർഷം |

മേൽ സ്ഥാപനങ്ങൾക്ക് 2016-17 വർഷമാണ് മുൻവർഷങ്ങളിലേതുൾപ്പെടെ ലൈസൻസ് നൽകിയിരിക്കുന്നത്. ഭാവിയിൽ ലൈസൻസിനായുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുമ്പോൾ മേൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ട്രേഡേഴ്സ് രജിസ്റ്റർ പൂർണമല്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) 3 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിലെ കച്ചവടസ്ഥാപനങ്ങളെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കേണ്ടതും പ്രസ്തുത രജിസ്റ്റർ

പ്രകാരം സ്ഥാപനങ്ങൾ ലൈസൻസ് വാങ്ങിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് - നഷ്ടം 2378/-രൂപ

2016-17സാമ്പത്തികവർഷം കെട്ടിട നിർമ്മാണ പെർമിറ്റിനായി ലഭിച്ച ചുവടെ പറയുന്ന അപേക്ഷകളിൽ നിന്ന് പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു.

| ക്രമ നം | പെർമിറ്റ് നം. തിയതി | പേര്, തരം | വിസ്തീർണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | നഷ്ടം |
|---|---|---|---|---|---|---|
| 1 | 36/18-3-17 | അനീഷ്, താമസം | 275.25 | 690 | 1376 | 686 |
| 2 | 48/20-4-17 22-2-17 | രാജേന്ദ്രൻ.ബി, വാണിജ്യം | 221.90 | 1110 | 1553 | 443 |
| 3 | 50/12-04-17 23-02-17 | ഹാനിമോൻ, താമസം | 179.34 | 450 | 897 | 447 |
| 4 | 53/18-03-17 | ഡിപിൻ, താമസം | 162 | 408 | 810 | 402 |
| 5 | 56/08-03-17 | സുഭാഷ്, താമസം | 159-98 | 400 | 800 | 400 |
| ആകെ | | | | | | 2378/- |

പെർമിറ്റ് ഫീസ് ഈടാക്കിയതിൽ നഷ്ടമായ 2378/-രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണം - ക്രമവൽക്കരണത്തിലെ അപാകതകൾ

*(എ) പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് - നഷ്ടം 2170/-രൂപ*

2016-17 വർഷം കെട്ടിട നിർമ്മാണം ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് ഈടാക്കിയ പെർമിറ്റ് ഫീസിനത്തിൽ ചുവടെ പറയും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | പേര്, തരം | പെർമിറ്റ് നം. തിയതി | വിസ്തീർണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ജോളി.എ.എം, താമസം | 4491/8-6-16 | 242 ച.മീ. | ഈടാക്കി യില്ല | 1210 | 1210 |
| 2 | ജി.ചന്ദ്രൻ, താമസം | 534/27-1-17 | 124/20 ച.മീ. | ഈടാക്കി യില്ല | 311 | 311 |
| 3 | ശശി, താമസം | 7245/5-10-16 | 74.63 ച.മീ. | ഈടാക്കി യില്ല | 187 | 187 |
| 4 | ഷീലാ ബാഹുലേയൻ, താമസം | 9088/15-12-16 | 185 ച.മീ. | 463 | 925 | 462 |
| ആകെ | | | | | | 2170/- |

മേൽ നഷ്ടതുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നീടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

*(ബി) ക്രമവൽക്കരണം രാജിയാക്കൽ - ഫീസ് ഈടാക്കിയതിലെ നഷ്ടം 1169/-രൂപ*

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 137(2) പ്രകാരം കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന് പെർമിറ്റ് ഫീസിന്റെ ഇരട്ടി ഫീസ് ഈടാക്കേണ്ടതാണ്. 2016-17 വർഷം കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് വാങ്ങാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയപ്പോൾ ക്രമവത്ക്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയതിൽ ചുവടെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്.

| ക്രമ നം. | പേര്, തരം | പെർമിറ്റ് നം. തിയതി | വിസ്തീർണം | ഈടാക്കിയ ഫീസ് | ഈടാക്കണ്ട ഫീസ് | നഷ്ടം |
|---|---|---|---|---|---|---|
| 1 | രാജേഷ് താമസം | 8248/17-11-16 | 82.62ച.മീ. | 207 | 413 | 206 |
| 2 | കെ.ബി.ഷൈൻ കുമാർ താമസം | 8291/17-11-16 | 121 ച.മീ. | 303 | 605 | 302 |
| 3 | മോഹൻ ദാസ്.ടി, താമസം | 8555/25-11-16 | 92.58 ച.മീ. | 232 | 463 | 231 |
| 4 | രാജൻ. താമസം | 5619/21-07-16 | 72 ച.മീ. | 180 | 360 | 180 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ഷാജി | 6300/19-08-16 | 99.65 ച.മീ. | 250 | 500 | 250 |
| ആകെ | | | | | | 1169 |

ക്രമവൽക്കരണം രാജിയാക്കലുമായി ബന്ധപ്പെട്ട് ഫീസ് ഈടാക്കിയതിൽ പഞ്ചായത്തിന് നഷ്ടമായ 1169/-രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നീടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 2-5 തൊഴിൽനികുതി അപാകതകൾ

*(എ) തൊഴിൽനികുതി രജിസ്റ്റർ കാലികമല്ല*

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും വിവരങ്ങളടങ്ങിയ രജിസ്റ്ററുകൾ 1999-ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 5ലെ മാതൃകയിൽ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നികുതി ഒടുക്കുന്നതിനായി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരുമാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതിയീടാക്കുന്ന രീതിയാണ് പഞ്ചായത്തിൽ നിലനിൽക്കുന്നത്. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്ക് വരുത്തുന്നുവെന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

*(ബി) സ്ഥാപനനികുതി ഈടാക്കിയിട്ടില്ല*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും സ്ഥാപനനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പൂർണ ഭാരത് ഗ്യാസ് ഏജൻസിയിൽ നിന്ന് ഗ്രാമപഞ്ചായത്ത് രണ്ട് അർധവർഷങ്ങളിലെ സ്ഥാപനനികുതി (2x1250= 2500/-) ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് പഞ്ചായത്തിന് നഷ്ടമായ സ്ഥാപനനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 പരസ്യനികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാരപരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കുന്നില്ല. പഞ്ചായത്തിന്റെ തനതുവരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട പരസ്യങ്ങൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ബൈലാ നിർമ്മിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ട്യൂട്ടോറിയൽ കോളേജുകൾക്ക് നിന്ന് രജിസ്ട്രേഷൻ നൽകി ഫീസ് ഈടാക്കുന്നില്ല

1999-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം 3 പ്രകാരം പഞ്ചായത്ത് മേഖലയിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയും തുടർന്ന് ചട്ടം 5പ്രകാരം ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുമ്പ് പുതുക്കൽ ഫീസ് ഒടുക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ഇപ്രകാരം ഉള്ള സ്ഥാപനങ്ങൾ മേഖലയിൽ പ്രവർത്തിക്കുന്ന പക്ഷം അത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. തനതുവരുമാനം വർധിപ്പിക്കുവാൻ പഞ്ചായത്ത് പരിധിയിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പി.എസ്.സി കോച്ചിംഗ് സെന്ററുകൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കി അവയ്ക്ക് മേൽ പറഞ്ഞരീതിയിൽ രജിസ്ട്രേഷൻ നൽകുവാൻ അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 10/07/2017ലെ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് പരിധിയിൽ 1 ട്യൂട്ടോറിയൽ കോളേജ് മാത്രമാണ് പ്രവർത്തിക്കുന്നതെന്ന മറുപടിയാണ് അധികൃതർ ലഭ്യമാക്കിയിട്ടുള്ളത്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃസമിതി മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിച്ചിട്ടുള്ള പൊതുമരാമത്ത് ജോലികൾക്ക് 13-11-2014ലെ 1/1559/2010/സി.ഇ/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല. ഏതാനും ചില വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സമിതി യോഗം ചേർന്ന് അംഗങ്ങളേയും കൺവീനർ, ചെയർമാൻ എന്നിവരേയും തെരെഞ്ഞെടുത്ത് ചുമതല ഏല്പിക്കുന്നതുവരെയുള്ള വിവരങ്ങൾ മാത്രമാണ് മിനുട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
2. വർക്കുമായി ബന്ധപ്പെട്ട പണമിടപാടുകൾക്കായി കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല.
3. വരവ് ചെലവ് കണക്ക് പുസ്തകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
4. പ്രവൃത്തി നിർവ്വഹണത്തിൽ ഓരോ ദിവസവും നടക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ രേഖപ്പെടുത്തുന്നതിന് കൺവീനർ സൂക്ഷിക്കേണ്ട ദൈനംദിന ഡയറിബുക്ക് സൂക്ഷിച്ചിട്ടില്ല.
5. പണി പൂർത്തിയാകുന്നതുവരെ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് വൗച്ചറുകൾ പാസ്സാക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ഭാവി നടപടികൾ ചർച്ചചെയ്ത് തീരുമാനിക്കുകയും ചെയ്തിട്ടില്ല.
6. മസ്റ്റർ റോളുകളിൽ പ്രവൃത്തികളുടേയും തൊഴിലാളികളുടേയും വിവരങ്ങൾ, പ്രവൃത്തിയുടെ പേര്, വാർഡ് നമ്പർ , പ്രവൃത്തി നടന്ന തിയതി, വേതനം തുടങ്ങിയവ കൃത്യമായി രേഖപ്പെടുത്തണമെന്നും, ഒരാഴ്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ മസ്റ്റർ റോൾ സൂക്ഷിക്കണമെന്നും വ്യവസ്ഥയുണ്ട്. ആയത് പൂർണമായും പാലിച്ചിട്ടില്ല.

ഭാവിയിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും വ്യവസ്ഥകളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ കൃത്യതയോടെ പരിപാലിച്ചിട്ടില്ല

ഓഡിറ്റിന് ഹാജരാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ കൃത്യതയോടെ പരിപാലിച്ചിട്ടില്ല. പദ്ധതിനമ്പർ, പദ്ധതിയുടെ പേര് എന്നിവ മിക്ക ഫയലുകളിലും എം.ബുക്കിലും വ്യക്തമാക്കിയിട്ടില്ല.

2. ഗുണഭോക്തൃ സമിതിക്ക് ഒരു പ്രവൃത്തി നിർവ്വഹിച്ചതിന്റെ പണം നൽകുന്നത് അവർക്കുള്ള യഥാർഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും. എന്നാൽ ഇപ്രകാരം ചെലവ്തുക കണക്കാക്കുവാൻ ബന്ധപ്പെട്ട ഫയലുകളിൽ കൺവീനർമാർ സമർപ്പിച്ചിട്ടുള്ള ചെലവ് രേഖകളിൽ മുഴുവൻ കാഷ് ബില്ലുകളും/കൈപ്പറ്റ് രസീതുകളും വാങ്ങി സൂക്ഷിച്ചിട്ടില്ല. ചില വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

(എ) പ്രോജക്ട് നം. 110/16-17, ഹോമിയോ ആശുപത്രിക്ക് അടിസ്ഥാന സൗകര്യം. പ്രസ്തുത പ്രോജക്ടിന് 449906/-രൂപ ചെലവ് ചെയ്തെങ്കിലും കൺവീനർ ഹാജരാക്കിയ വൗച്ചർ പ്രകാരമുള്ള റ്റൈൽസിന്റെ വിലയായ 96950/-രൂപയുടെ കാഷ് ബില്ല് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(ബി) പ്രോജക്ട് നം. 186/16-17, വിലങ്ങറത്തല കുടിവെള്ള പദ്ധതി മെയിന്റനൻസ്. പ്രസ്തുത പ്രോജക്ടിന് 133347/- രൂപ ചെലവ് ചെയ്തെങ്കിലും 116392/-രൂപയുടെ ചെലവ് രേഖകൾ കൺവീനർ ഹാജരാക്കിയിട്ടില്ല.

## 3-3 പൊതുമരാമത്ത് പ്രവൃത്തികൾ - അംഗീകാരം ലഭിച്ച 156 പദ്ധതികളിൽ 88 പദ്ധതികൾ നടപ്പിലാക്കിയില്ല

2016-17സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് സ്പിൽ-ഓവർ ഉൾപ്പെടെ 156പ്രവൃത്തികൾക്കാണ് ഭരണസമിതി തീരുമാനപ്രകാരം ജില്ലാ പ്ളാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിച്ചത്. എന്നാൽ ആകെ 68പദ്ധതികൾ മാത്രമാണ് പ്രസ്തുത സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയത്. പശ്ചാത്തല മേഖലകളുമായി/ ആസ്തി സൃഷ്ടിക്കലുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയശേഷം നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 12-07-2017ലെ 05/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അധികൃതർ മറുപടിലഭ്യമാക്കിയിട്ടില്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ പഞ്ചായത്തിന്റെ വികസനത്തിന് ഭംഗം വരാത്തവിധത്തിലുള്ള ഒരു വികസനനയം രൂപീകരിക്കുവാനും അതിലൂടെ മെച്ചപ്പെട്ടതും ആസ്തി സൃഷ്ടിക്കുന്നതും പൊതുജനോപകാര പ്രദവുമായ പദ്ധതികൾ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കി പദ്ധതി

ലക്ഷ്യം കൈവരിക്കുവാനും ഭരണതലത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-4 M.Book - ൽ രേഖപ്പെടുത്തിയ അളവുകൾ സ്ഥലപരിശോധനയിൽ കണ്ടെത്താനായില്ല – 4703/-രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് നം. - 195/16-17

പ്രോജക്റ്റ് - 129 നമ്പർ അംഗൻവാടി മെയിന്റനൻസ്

പ്രോജക്റ്റ് അടങ്കൽ - 150000

പ്രോജക്റ്റ് ചെലവ് - 133347 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നം. - 74/31-03-2017

കൺവീനർ - ഷീബാറാണി

നിർവ്വഹണം - അസി.എഞ്ചിനിയർ

എം.ബുക്ക് നം. - ലഭ്യമല്ല

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട വർക്ക് സൈറ്റ് ചെങ്കൽ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ എം.ബുക്കിൽ രേഖപ്പെടുത്തിയിരി ക്കുന്ന അളവിൽ വാൾ ടൈൽ വർക്ക് ചെയ്യാതെ കുറച്ച് ചെയ്യുകയും എന്നാൽ എം.ബുക്ക് പ്രകാരം വർക്ക് ചെയ്തതായി കാണിച്ച് തുക ചെലവ് ചെയ്യുകയും ചെയ്തു.ചെയ്യാത്ത വർക്ക് ചെയ്തതായി കാണിച്ച് അധികം ചെലവ് ചെയ്ത 4703/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടാണ് ചുവടെ കൊടുത്തിരിക്കുന്നത്.

അംഗൻവാടി കെട്ടിടത്തിന് മുകളിലായി നിർമ്മിച്ച ഹാളിന്റെ കൈവരിക്ക് വാൾ ടൈൽ ചെയ്യുന്നതിന് 3x3.20x1=9.6 ചതുരശ്രമീറ്ററിന് DSR 11.36അനുസരിച്ച് 1ചതുരശ്രമീറ്ററിന് 1147.09രൂപ പ്രകാരം ആകെ 9.6ചതുരശ്രമീറ്ററിന് 11012/-രൂപ നൽകി (9.6x1147=11012)

എന്നാൽ പ്രവൃത്തി സ്ഥലത്ത് കണ്ടെത്തിയ കൈവരികളുടെ അളവ് ചുവടെ പറയും പ്രകാരമാണ്.

1. 1x3.20 = 3.20

2. 1x2.30 = 2.30

ആകെ - 5.50

ആയതിനാൽ അനുവദിക്കേണ്ട തുക 5.50x1147.09 = 6309/-രൂപയാണ്.

എന്നാൽ യഥാർത്ഥ അനുവദിച്ച തുക 9.60x1147.09 = 11012/-രൂപയാണ്.

വ്യത്യാസം 11012-6309 = 4703

മേൽ വർക്കിന് ഇപ്രകാരം അധികം നൽകിയ 4703/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ശ്രീ. ലിജുവിൽ നിന്നീടാക്കേണ്ടതാണ്.

## 3-5 ഗുണനിലവാരമില്ലാത്ത റൈറ്റൽ ഉപയാഗിച്ച് പ്രവൃത്തി ചെയ്തു - 602/-രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം. - S00110/16-17

പ്രോജക്ട് - ഹോമിയോ ആശുപത്രിക്ക് അടിസ്ഥാന സൗകര്യം

പ്രോജക്ട് അടങ്കൽ - 450000 (മെയിന്റനൻസ് ഫണ്ട് റോഡിതരം - 400000,

തനതുഫണ്ട് - 50000)

പ്രോജക്ട് ചെലവ് - 449906

നിർവ്വഹണം - അസി.എഞ്ചിനീയർ

എം. ബുക്ക് നം. - 96/16-17, ഐറ്റം നം. 6

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിയുടെ അടിസ്ഥാന സൗകര്യവുമായി ബന്ധപ്പെട്ട് ആശുപത്രി സ്റ്റോർ റൂമിലെ 3.688 ചതുരശ്രമീറ്റർ (2.95x1.25=3.688 ) തറയ്ക്ക് റൈറ്റൽ വർക്ക് ചെയ്യുവാൻ DSR11.38 പ്രകാരം 1ചതുരശ്രമീറ്ററിന് 1240/-രൂപ നിരക്കിൽ 3.688ച.മീറ്ററിന് 4573.27രൂപ നല്കി.

എന്നാൽ DSR 11.37പ്രകാരമുള്ള Fume Red Brown Colourറൈറ്റൽ ആണ് മേൽ പ്രവൃത്തിക്ക് ഉപയോഗിച്ചതായി സ്ഥലപരിശോധനയിൽ കണ്ടെത്തിയത്. പ്രസ്തുത റൈറ്റൽ ഉപയോഗിച്ചതിലൂടെ 602/-രൂപയുടെ നഷ്ടമുണ്ടായി.വിശദവിവരം ചുവടെ കൊടുക്കുന്നു.

എം.ബുക്ക് പ്രകാരം 3.688ച.മീറ്റർ റൈറ്റൽ വർക്കിന് നൽകിയത് 3.688x1240 = 4573.12രൂപ (4573.12എന്നതിന് 4573.27നൽകിയതായാണ് എം.ബുക്കിൽ പറഞ്ഞിട്ടുള്ളത്)

എന്നാൽ Fume Red Brown Colourറൈറ്റൽ ഉപയോഗിച്ചതിനാൽ (DSR 11.37) നൽകേണ്ടത് 3.688x1076.82 = 3971.312രൂപ

വ്യത്യാസം 4573.12-3971.312 = 601.808 രൂപ

മേൽ നഷ്ടതുക നിർവ്വഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയർ ശ്രീ.ലിജുവിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-6 (എ) അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) -ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

അംഗനവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയതു വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010ലെ ഐ.സി.ഡി.എസ്/ബി- 3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് ഫൈവ് സ്റ്റാർ ന്യൂട്രിമിക്സ്, പള്ളിവിളാകം, പരുത്തിയൂർ, പൊഴിയൂർ പി.ഒ എന്ന കുടുംബശ്രീ സ്ഥാപനത്തിൽ നിന്ന് അംഗനവാടി കുട്ടികൾക്ക് ന്യൂട്രിമിക്സ് വാങ്ങുന്നത്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ബി) വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് കീഴിലെ 35അംഗനവാടികളിൽ 10 അംഗനവാടികൾ വാടക കെട്ടിട ങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാനും അവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | അംഗനവാടി നമ്പരും സ്ഥലവും | വാർഡ്, വാർഡ് നം. |
|---|---|---|
| 1 | നം. 117, റോസ് ഹൗസ്,കോടങ്കര,മര്യാപുരം- 695122 | കോടങ്കര, 13 |
| 2 | നം. 120, ചൈതന്യ, മുഡവൻവിള, കോടങ്കര- 695122 | കോടങ്കര, 13 |
| 3 | നം. 124, മച്ചിയോട്, വ്ളാത്താങ്കര - 69513 | കീഴമ്മാകം, 19 |
| 4 | നം. 133, തൃക്കണ്ണാപുരം, അമരവിള - 695122 | വട്ടവിള, 2 |
| 5 | നം. 143, വാണിയങ്കാല, ആറയൂർ - 695122 | പൊൻവിള, 9 |
| 6 | നം. 144, പൊൻവിള, ആറയൂർ - 695122 | പൊൻവിള, 9 |
| 7 | നം. 148, താമരവിള, അമരവിള - 695122 | കീഴ്ക്കൊല്ല, 1 |
| 8 | നം. 149, വരവുപൊറ്റ, വട്ടവിള - 695132 | കന്നൻവിള, 15 |

| | | |
|---|---|---|
| 9 | നം. 150, പൂവക്കുടി, വ്ളാത്താങ്കര - 695134 | വ്ളാത്താങ്കര കിഴക്ക്, 18 |
| 10 | നം. 151, കൊറ്റാമം,ആറയൂർ - 695122 | കൊറ്റാമം, 6 |

## 3-7 നിർഭയ - ജാഗ്രതാ സമിതി പ്രവർത്തന അവലോകനം

സ.ഉ(എം.എസ്) 31/2007/ത.സ്വ.ഭ.വ. പ്രകാരം പഞ്ചായത്ത് മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും കുടുംബ-സാമൂഹ്യ പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്ക് ശാശ്വത പരിഹാരം കാണുവാനും ഇവരുടെ സാമൂഹ്യസുരക്ഷ ഉറപ്പ് വരുത്തുവാനും പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി പ്രവർത്തിച്ച് വരുന്നു. ഇതിന്റെ സുഗമമായ പ്രവർത്തനത്തിന് 2016-17സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്ന് ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 29010/- രൂപ 58/17നമ്പർ പദ്ധതി പ്രകാരം (ബിൽ നം. 5/17, തിയതി. 29-03-2017) ചെലവ് ചെയ്തു. എന്നാൽ ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി യാതൊരറിയിപ്പും പഞ്ചായത്ത് പരിസരത്ത് പ്രദർശിപ്പിച്ചിട്ടില്ല. സമിതിയുടെ സേവനവുമായി ബന്ധപ്പെട്ട പരാതിപ്പെട്ടികൾ അംഗനവാടികളിൽ സ്ഥാപിച്ചിട്ടുള്ളത് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.പ്രസ്തുത സമിതിയുടെ പ്രാധാന്യം, പ്രവർത്തനം, നൽകുന്ന സേവനം എന്നിവ പൊതുജന ശ്രദ്ധയിൽ കൊണ്ടുവന്ന് ജനകീയമാക്കിയാൽ ഗ്രാമപഞ്ചായത്ത് മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുവാൻ സമിതിക്ക് കഴിയുന്നതാണ്. ആയതിനാൽ ഇത്തരത്തിലൊരു സമിതി പൊതുജനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നതായി കാണിച്ചുകൊണ്ടുള്ള പരസ്യബോർഡ് പഞ്ചായത്ത് കാര്യാലയത്തിന് മുന്നിൽ സ്ഥാപിക്കുവാനും സമിതിയുടെ സേവനം ലഭ്യമാകുന്ന ദിവസം, സമയം എന്നീ വിവരങ്ങൾ പ്രസ്തുത അറിയിപ്പ് ബോർഡിൽ ഉൾപ്പെടുത്തുവാനും ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല

അംഗനവാടികളുടെ പോഷകാഹാര വിതരണത്തിന് ചെലവഴിക്കുന്ന തുകയിൽ നിബന്ധനകൾക്ക് വിധേയമായി കേന്ദ്രഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50ശതമാനം തുക പ്രത്യേക അക്കൗണ്ടിലാണ് സൂക്ഷിക്കേണ്ടത്. 2016-17 സാമ്പത്തികവർഷം കേന്ദ്രവിഹിതമായി ആകെ 1386077/-രൂപ ലഭിച്ചതിൽ 927976/-രൂപ ചെലവ് ചെയ്തു.എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ലഭിക്കുന്ന കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ സൂക്ഷിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിൽ തനതുവരുമാനത്തോടൊ പ്പമാണ് സൂക്ഷിച്ചുവരുന്നത്. ജി.ഒ (പി) 177/2006/ധനം, 11-3 തിയതി.12-04-2006 പ്രകാരം കേന്ദ്രവിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുവാൻ അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷം ലഭിച്ച കേന്ദ്രവിഹിതം സംബന്ധിച്ച വിവരമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | ഡി.ഡി.നം, തിയതി | ലഭിച്ച കേന്ദ്ര വിഹിതം | ചെലവ് ചെക്ക് നം. |
|---|---|---|---|
| 1 | ഡി.ഡി.നം - ലഭ്യമല്ല, തിയതി. 02-04-2016 | 749161 | 1. 640200 രൂപ, ചെക്ക് നം - 8076249/19-08-16,<br>2. 108961 രൂപ, ചെക്ക് നം- 8076256/05-09-16,<br>3. 178815 രൂപ, ചെക്ക് നം- 1065200/27-05-17, |
| 2 | ഡി.ഡി.നം - 58993, തിയതി. 01-01-2016 | 41419 | |
| 3 | ഡി.ഡി.നം - 589989, തിയതി. 01-01-2016 | 212831 | |
| 4 | Cash transfer, തിയതി. 23-03-2017 | 128457 | |
| 5 | Cash transfer, തിയതി. 24-03-2017 | 254209 | |
| | ആകെ | 1386077 | 927976 |

കേന്ദ്രവിഹിതമായി ലഭിച്ചതിൽ നീക്കിയിരിപ്പായ 458101/-രൂപ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിനോടൊപ്പം സൂക്ഷിച്ചിരിക്കുന്നു.

## 3-9 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ നിലവിൽ ജലം ലഭ്യമാകുന്നതും അല്ലാത്തതുമായ പൊതു ടാപ്പുകളെ കണ്ടെത്തി പ്രവർത്തനക്ഷമമായ വാട്ടർടാപ്പുകൾക്ക് മാത്രം വെള്ളക്കരം നിശ്ചയിക്കുവാൻ ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ചെലവ് രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രതിമാസം ടാപ്പൊന്നിന് 437.50രൂപാ പ്രകാരം (ടാപ്പൊന്നിന് പ്രതിവർഷം 5250/-രൂപ) 153പൊതു ടാപ്പുകൾക്ക് വെള്ളക്കരം അടച്ചുവരുന്നു. ഓഡിറ്റിന് ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ സംയുക്ത പരിശോധന സംബന്ധിച്ച യാതൊരു വിവരവും വ്യക്തമാക്കിയിട്ടില്ല. ഓഡിറ്റ് വിഭാഗത്തിന്റെ സ്ഥലപരിശോധനയുമായി ബന്ധപ്പെട്ട നിരീക്ഷണത്തിൽ കുടിവെള്ള ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലം, പ്രവർത്തന ക്ഷമമായ ടാപ്പുകൾ എന്നിവ സംബന്ധിച്ച കൃത്യമായൊരു വിവരം നേരിൽ കണ്ടെത്താനായിട്ടില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള കുടിവെള്ള ടാപ്പുകളെ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണ്. ജലം ലഭ്യമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നതിലൂടെ പഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.ഇക്കാര്യത്തിൽ വീഴ്ച വരുത്താതെ

ഭരണതലത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം - പൂർണമായും നടപ്പിലാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളെ സംബന്ധിച്ച വ്യക്തമായ വിവരം നൽകുന്ന രജിസ്റ്റർ/രേഖകൾ ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല. വൈദ്യുതിബോർഡ് പ്രതിമാസം ലഭ്യമാക്കുന്ന വൈദ്യുതിബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് അടവാക്കുന്നത്. ഓഡിറ്റിന് ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ വൈദ്യുതി ബോർഡുമായിച്ചേർന്ന് പകുതിയിലധികം തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തി അവയ്ക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ടെന്ന വിവരം നൽകിയിട്ടുണ്ട്.ആയതിനാൽ വൈദ്യുതി ബോർഡുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി മീറ്റർ സ്ഥാപിക്കാതെ അധിക വൈദ്യുതി ചാർജ് ഒടുക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുവാൻ ഗ്രോമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്റർ സംവിധാനം ഏർപ്പെടുത്തുവാൻ ഭരണതലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 വസ്തു വാങ്ങൽ, ഭവനനിർമ്മാണം - ധനസഹായം നൽകിയില്ല

2016-17സാമ്പത്തികവർഷം വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി 11പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ഭവനപുനരുദ്ധാരണം, ഐ.എ.വൈ. ധനസഹായം, കിണർ പുനരുദ്ധാരണം എന്നിവയാണ് വി.ഇ.ഒ.നിർവ്വഹിച്ച പദ്ധതികൾ. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം പട്ടികജാതി/വർഗ്ഗത്തിൽപ്പെടുന്നവരുൾപ്പെടെയുള്ള പഞ്ചായത്ത് പരിധിയിലെ പിന്നാക്കം നിൽക്കുന്ന ദുർബലരും ഭവനരഹിതരുമായ വിഭാഗങ്ങളെ കണ്ടെത്തി അവർക്ക് വസ്തു വാങ്ങുവാനും ഭവനനിർമ്മാണം നടത്തുവാനും ധനസഹായം നൽകുവാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഭവനരഹിതരായ നിരവധിയാളുകളെ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്ത് മേൽപ്പറഞ്ഞ പദ്ധതിക്ക് മതിയായ പ്രാധാന്യം നൽകാത്തത് പദ്ധതി ആസൂത്രണത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സ്വന്തമായി ഭവനമില്ലാത്തവർക്ക് മണ്ണുംവീടും പദ്ധതിപ്രകാരം വസ്തുവുംവീടും ലഭ്യമാക്കുവാനുള്ള പദ്ധതികൾക്കും അർഹിക്കുന്ന പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-12 അനിവാര്യമല്ലാത്ത ചെലവുകൾ ചെയ്ത് നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കുന്നു

ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ച പബ്ളിക് വർക്കുകളെ സംബന്ധിച്ച് ഓഡിറ്റ് വിഭാഗം നടത്തിയ സ്ഥലപരിശോധനയിൽ ചുവടെപറയുന്ന അനിവാര്യമല്ലാത്ത ചെലവുകൾ ചെയ്ത് നിഷ്ക്രിയാസ്തികൾ സൃഷ്ടിച്ചിരിക്കുന്നു.

(1) പ്രോജക്ട് നം. - 195/16

പ്രോ. പേര് - 129 നമ്പർ അംഗൻവാടി മെയിന്റനൻസ്

പ്രോ. അടങ്കൽ - 150000 (മെയിന്റനൽസ് ഫണ്ട് റോഡിതരം)

പ്രോ. ചെലവ് - 133347

നിർവ്വഹണം - അസി.എഞ്ചിനിയർ

(2) പ്രോജക്ട് നം. - 198/16

പ്രോ. പേര് - വ്ളാത്താങ്കര മൃഗാശുപത്രി മെയിന്റനൻസ്

പ്രോ. അടങ്കൽ - 200000 (മെയിന്റനൽസ് ഫണ്ട് റോഡിതരം)

പ്രോ. ചെലവ് - 196250

നിർവ്വഹണം - അസി.എഞ്ചിനിയർ

129 നമ്പർ അംഗൻവാടി കെട്ടിടത്തിന് മുകളിലും വ്ളാത്താങ്കര മൃഗാശുപത്രി കെട്ടിടത്തിനുമുകളിലും മേൽ പദ്ധതികൾ പ്രകാരം 329597/-രൂപ ചെലവിൽ ഗ്രിൽ വർക്കുംഷീറ്റ് വർക്കും ടൈൽ വർക്കും ചെയ്ത് കെട്ടിടത്തിന്റെ അതേ വലുപ്പത്തിലുള്ള ഹാളുകൾ നിർമ്മിച്ചിരിക്കുന്നു. എന്നാൽ ഹാളിനകത്ത് മറ്റേതൊരു വർക്കും ചെയ്തിട്ടില്ലയെന്നുമാത്രമല്ല എന്താവശ്യത്തിനാണോ പ്രസ്തുത ഹാളുകൾ നിർമ്മിച്ചത് അതിനാവശ്യമായ ഫർണിച്ചർ മുതലായ സാധനങ്ങളും സൂക്ഷിച്ചിട്ടില്ല. 329597/-രൂപ ചെലവിൽ പണി ചെയ്തുവെങ്കിലും നിലവിൽ പാഴ്‌വസ്തുക്കളും കരിയിലകളും നിറഞ്ഞ് ഇവ ഉപയോഗ ശൂന്യമായാണ് കിടക്കുന്നത്. മൃഗാശുപത്രി മാലിന്യങ്ങൾ നിറഞ്ഞുകിടക്കുന്ന ആശുപത്രിയുടെ പുറക് ഭാഗത്തിലൂടെയാണ് മുകളിൽ നിർമ്മിച്ചിട്ടുള്ള ഹാളിലേക്കുള്ള സ്റ്റെയർകേസ്. മെയിന്റനൻസ് വർക്ക് ചെയ്ത് ഇത്തരത്തിൽ ഹാളുകൾ നിർമ്മിച്ചിട്ടുള്ളത് എന്തിനാണെന്ന് വ്യക്തമായിട്ടില്ല. ഓഡിറ്റ് വിഭാഗത്തിന്റെ നേരിട്ടുള്ള പരിശോധനയിലും ഇത്തരത്തിലുള്ള ഒരു ചെലവ് അനിവാര്യമായ ഒന്നായി ബോധ്യമായിട്ടില്ല. ആയതിനാൽ പദ്ധതിപ്പണം ചെലവ് ചെയ്യുമ്പോൾ ഇത്തരത്തിലുള്ള നിഷ്ക്രിയാസ്തികൾ സൃഷ്ടിക്കുന്നതിന് പകരം അനിവാര്യമായവയ്ക്ക് മാത്രം മുൻഗണന നൽകി ചെലവ് ചെയ്യേണ്ടതും ഫണ്ടുകളുടെ പാഴ്ച്ചെലവുകൾ ഒഴിവാക്കേണ്ടതും ആണ്

## 3-13 ഓർഡർ നൽകിയ മുഴുവൻ തുകക്കും മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നം. - S0053/16-17

പ്രോജക്ട് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

പദ്ധതി അടങ്കൽ - 100000

പദ്ധതി ചെലവ് - 100000

ബിൽ നം. - 1/16-17

ഡി.ഡി.നം. - 590153, 24-12-16

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ

2016-17 സാമ്പത്തിക വർഷം മേൽ പദ്ധതിപ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുവാൻ കേരള സ്റ്റേറ്റ് ഹോമിയോ കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 590153നമ്പർ ഡി.ഡി.പ്രകാരം 100000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം 74240/- രൂപയുടെ മരുന്ന് മാത്രമാണ് ആശുപത്രിക്ക് ലഭിച്ചിട്ടുള്ളത്. മേൽ ഓർഡർ പ്രകാരം 25760/- രൂപയുടെ മരുന്ന് ഇനിയും സ്ഥാപനത്തിന് കിട്ടാനുണ്ട്.ഇൻവോയിസ് പ്രകാരം നൽകിയ തുകക്കുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് പ്രകാരം ഓർഡർ നൽകുന്ന മരുന്നുകൾ ലഭ്യമാകാൻ ഇത്തരത്തിൽ കാലതാമസമുണ്ടാകുന്നത് ആശുപത്രിയുടെ/ഡിസ്പെൻസറിയുടെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാൽ മരുന്നുകളുടെ ലഭ്യതയനുസരിച്ച് മാത്രം ഓർഡർ നൽകുവാനും സമയബന്ധിതമായി അവ ലഭ്യമാക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി വിവരം ഈ ഓഫീസിനെ അറിയിക്കാത്ത പക്ഷം പ്രസ്തുത തുക (25760/-രൂപ) നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിലനിറുത്തുന്നതായിരിക്കും.

## 3-14 പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ പരിപാലിക്കുന്നില്ല.

പഞ്ചായത്തിലെ കെ.എൽ 19C-4917 എന്ന മഹീന്ദ്ര ബൊലേറോ ജീപ്പിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.വാഹനത്തിന്റെ ഫ്യവൽ കൺസംപ്ഷൻ ടെസ്റ്റ് 10.08.2016 ൽ നടത്തിയതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, വാഹനത്തിന്റെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല. വാഹനത്തിന്റെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസത്തെ അവസാനത്തെ ദിവസം രേഖപ്പെടുത്തിയിട്ടില്ല. വാഹന ഉപയോഗത്തെ സംബന്ധിച്ചുള്ള ജി.ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ 30.06.2007 നമ്പർ ഉത്തരവ്, സർക്കുലർ നം. 41/08/ധനം2/08 എന്നിവയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വാഹനം ഉപയോഗിക്കേണ്ടതും ലോഗ് ബുക്കിൽ ശരിയായ രേഖപ്പെടുത്തലുകൾ വരുത്തി കൃത്യതയോടെ സൂക്ഷിക്കേണ്ടതുമാണ്.

## 3-15 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹിച്ച പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ചില അപാകതകളാണ്

1. പ്രോജക്ട് നമ്പർ : S0069/17

പ്രോജക്ടിന്റെ പേര് : ഐ.പി വിഭാഗം താത്കാലിക ജീവനക്കാർക്ക് അധിക

വേതനം.

പദ്ധതി അടങ്കൽ : 4,32,000/- (തനത് ഫണ്ട്)

ചെലവ് : 4,32,000/- (ചെ.നം 8076261തിയതി 9.9.16, 1,17,000/-

ചെ.നം.8500163തിയതി 25.1.17, 1,17,000/-

ചെ.നം. 1065193തിയതി 22.3.17, 1,98,000-)

ചെങ്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഐ.പി വിഭാഗം താത്കാലിക ജീവനക്കാർക്ക് (5 പേർക്ക്) വേതനം നൽകുന്നതിനായുള്ള മേൽ പ്രോജക്ട് പ്രകാരം 4,32,000/- രൂപ തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. 2016-2017 വർഷം ആകെ 2,62,840/- രൂപയാണ് ഈയിനത്തിൽ ചെലവഴിച്ചിരിക്കുന്നത്. ബാക്കി തുക എച്ച്.എം.സി-യുടെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയും (അക്കൗണ്ട് നം.042053000012924, സൗത്ത് ഇൻഡ്യൻ ബാങ്ക്, ഉദിയൻകുളങ്ങര) 2017-2018 വർഷം തുടർന്നും ജീവനക്കാർക്ക് ബാക്കി തുക ഉപയോഗിച്ച് ശമ്പളം നൽകുന്നതായും പാസ്ബുക്ക് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. പദ്ധതി മാർഗരേഖ പ്രകാരം അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനു വേണ്ടിവരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകൾക്കായി പദ്ധതികൾ നടപ്പിലാക്കേണ്ടതില്ലായെന്നിരിക്കെ [പന്ത്രണ്ടാം പദ്ധതി മാർഗരേഖ ജി.ഒ(എം.എസ്)4/16 തീയതി.11.01.16.ഖ.7(iii)] താത്കാലിക ജീവനക്കാർക്ക് വേതനം നൽകുന്നതിനായി പദ്ധതി രൂപീകരിച്ചിരിക്കുന്നു. ഇത് സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. സർക്കാർ മാർഗരേഖയിലെ എല്ലാ നടപടിക്രമങ്ങളും പാലിച്ചുതന്നെയാണ് പദ്ധതികൾ രൂപീകരിച്ചിരിക്കുന്നതെന്നും നടപ്പിൽ വരുത്തിയിരിക്കുന്ന തെന്നും നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12, തിയതി.17.07.17) മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലായെന്നും ബാക്കിതുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചു കൊള്ളാമെന്നും നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകി.

2. പ്രോജക്ട് നമ്പർ : S0079/17

പ്രോജക്ടിന്റെ പേര് : ആശാ പ്രവർത്തകർക്ക് അധിക ശമ്പളം.

പദ്ധതി അടങ്കൽ : 2,10,000/- (തനത് ഫണ്ട്)

പദ്ധതി ചെലവ് : 2,10,100/- ( ചെക്ക് നം 1065193തിയതി21.03.2017)

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 37 ആശാ വർക്കർമാർക്ക് അധികവേതനം എന്നയിനത്തിൽ 2,10,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ അധിക വേതനം നൽകുന്നതുമായി ബന്ധപ്പെട്ട് ആശാവർക്കർമാർ നിർവഹിച്ച ജോലി സംബന്ധിച്ച രേഖകൾ, മറ്റ് വിശദാംശങ്ങൾ എന്നിവയൊന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ തുക നൽകാനുണ്ടായ സാഹചര്യം വിശദമാക്കുന്നതിനായി

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ.12, തിയതി.17.7.17) മഴക്കാലജന്യ രോഗനിർണയത്തിനായി ആശാവർക്കർമാരുടെ സാധാരണ ജോലിക്കു പുറമെ അധികമായി ഓടകൾ വൃത്തിയാക്കുകയും സോഴ്സ് റിഡക്ഷൻ ചെയ്യുകയും ചെയ്തു എന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്.ഭാവിയിൽ ഇത്തരം ചെലവുകൾ ചെയ്യുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ചെലവ് രേഖകൾ കുറ്റമറ്റരീതിയിൽ പരിപാലിക്കേണ്ടതുമാണ്.

## 3-16 നീന്തൽ പരിശീലനം നടത്തിയതായി രേഖയില്ല – 12200/- രൂ തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിലുള്ള വിവിധ സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത വിദ്യാർഥികൾക്ക് നീന്തൽ പരിശീലനത്തിനായി വൗച്ചർ നം 65,66/10.16 മുഖേന 6100/-രൂ വീതം പിൻവലിച്ചിട്ടുണ്ട്. പഞ്ചായത്തധീനതയിലുള്ള വലിയകുളത്തിൽ ടി പരിശീലനം നടത്തുമെന്നറിയിച്ചുകൊണ്ടുള്ള അനൗൺസ്മെൻറ്, വാഹനവാടക എന്നിവയ്ക്കുവേണ്ടിയാണ് പ്രസ്തുത തുക ചെലവാക്കിയിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ ഒരു പരിശീലനം നടത്തിയതായി രേഖകളൊന്നും ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ, ടി വൗച്ചറുകൾ മുഖേന നടത്തിയ 12200/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 നവകേരള മിഷൻ പ്രവർത്തനങ്ങൾ - ലക്ഷ്യം കൈവരിക്കുന്നില്ല

ഹരിതകേരളം, ആർദ്രം - ആരോഗ്യമിഷൻ, ലൈഫ് - സമ്പൂർണ്ണപാർപ്പിടസുരക്ഷപദ്ധതി, പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം എന്നിവ ഉൾക്കൊള്ളിച്ചാണ് കേരള സംസ്ഥാന രൂപീകരണത്തിന്റെ വജ്രജൂബിലി വർഷത്തിൽ നവകേരളമിഷൻ എന്ന പരിപാടിക്ക് സർക്കാർ രൂപം കൊടുത്തിട്ടുള്ളത്. 2016-17 സാമ്പത്തികവർഷത്തിലെ വൗച്ചറുകൾ പരിശോധിച്ചതിൽ ചെങ്കൽ ഗ്രമപഞ്ചായത്ത് ടി പദ്ധതിക്കായി 28525/-രൂപ ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ടി തുക മുഴുവൻ ശുചീകരണ പ്രവർത്തനങ്ങളിലേർപ്പെട്ട തൊഴിലുറപ്പുപദ്ധതിയിലെ തൊഴിലാളികൾക്ക് ഭക്ഷണം നൽകുന്നതിനും നോട്ടീസ് അച്ചടിക്കുന്നതിനുമാണ് ചെലവാക്കി യിട്ടുള്ളത്. ഭാവിയിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നതിനായി പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും വികസനത്തിനുതകുന്ന നടപടികൾ ആസൂത്രണം ചെയ്യുവാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രോജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 12500 | ശാരീരിക മാനസിക വെല്ലു വിളി നേരിടുന്ന വിദ്യാർഥി കൾക്ക് സ്കോളർഷിപ്പ് | 12500 | - |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയ തിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്. ഇ.ബി. | വാർഡ് 21- സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ലഭ്യമല്ല | 433993 | 433993 | 0 |
| 2 | കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ലഭ്യമല്ല | 465247 | 465247 | 0 |
| 3 | കെ.എസ്. ഇ.ബി | വാർഡ് 21- സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ലഭ്യമല്ല | 42942 | 42942 | 0 |
| 4 | കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ലഭ്യമല്ല | 550031 | 550031 | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എ.എസ്. ഭവന പദ്ധതി | സ.ഉ (സാ) നം.275/2010 ത.സ്വ.ഭ.വ തീയതി 27.01.2010 | 18000000 | 5400000 | 1800000 | - | 3600000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62012018/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60685136/- |
| വരവിനങ്ങളിലുള്ള നഷ്ടം | 5717/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5305/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12200/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ക്രമ നം. | ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1 | 2(3) | 2378 | - | സെക്രട്ടറി, തുളസീധരൻ നായർ |
| 2 | 2(4)(എ) | 2170 | 1210<br>960 | സെക്രട്ടറി, ജീവൻ<br>സെക്രട്ടറി, തുളസീധരൻ നായർ |
| 3 | 2(4)(ബി) | 1169 | | സെക്രട്ടറി, തുളസീധരൻ നായർ |
| 4 | 3(4) | - | 4703 | അസി.എഞ്ചിനീയർ, ശ്രീ. ലിജു |
| 5 | 3(5) | - | 602 | അസി.എഞ്ചിനീയർ, ശ്രീ. ലിജു |
| | ആകെ | 5717 | 5305 | |

*(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-16 | 12200 | ശ്രീ. തുളസീധരൻ നായർ, സെക്രട്ടറി |
| ആകെ | 12200 | |

*(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| ക്രമ | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|---|

| നം | | ഔദ്യോഗിക മേൽവിലാസം | |
|---|---|---|---|
| 1 | ശ്രീ.തുളസീധരൻ നായർ,<br>സെക്രട്ടറി | - | ആതിര,പകല്പൂർ,<br>പള്ളിച്ചൽ പി.ഒ. |
| 2 | ശ്രീ.ജീവൻ, സെക്രട്ടറി | - | സിന്ധു ഭവൻ, അതിയന്നൂർ, ആറാലുമ്മൂട് പി.ഒ. |
| 3 | ശ്രീ.ലിജു, അസി.എഞ്ചിനിയർ | അസ്.എഞ്ചിനീയർ, ചെങ്കൽ ഗ്രാമപഞ്ചായത്ത് | ആദി വില്ല. ബാങ്ക് കോളനി, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോളനി, പാപ്പനംകോട്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന<br>ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽ എഫ്.റ്റി.ഡി/6(എ)/22/98/തിയ. 12-03-09 | 1 | |
| 1996-97 | എൽ എഫ്.റ്റി.ഡി/6(എ)/22/98/തിയ. 8-10-08 | 11 | |
| 1997-98 | എൽ.എഫ്.റ്റി.ഡി /6(എ)/582 /98/തിയ.29-1-01 | 2 | |
| 1998-99 | എൽ.എഫ്..റ്റി.ഡി | - | |
| 1999-00 | എൽ.എഫ്..റ്റി.ഡി /6(എ)/248 /02തി.10-12-02 | 7 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി/1 /38/10തിയ.22-7-10 | 1 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി/1 /637/05തി.22-8-08 | 6 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി/1 | 4 | |

| | | | |
|---|---|---|---|
| | /16/10തി.16-07-08 | | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി/1 /1772/07തി.18-8-08 | 20 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി/1 /1631/08തി.15-11-10 | 15 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി/1 /1641/08തി.23-7-09 | 6 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി/1 /1251/09തി.22-3-10 | 12 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി/1 /545/11തി.9-5-2012 | 14 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി/1 /546/11തി.13-06-12 | 12 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി/1 /331/11തി.05-04-13 | 10 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി/1 /970/13തി.12-11-13 | 9 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1820 /13തി.12-3-14 | 09 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1145/2014 തിയതി-15-10-2014 | 12 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/686/15, തി. 11-09-2015 | 26 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1374 /2016, തി. 01-08-2016 | 23 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/2132 /2016, തി. 11-12-2016 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികാ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ചെങ്കൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.